പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 248* 21.06.2012 ൽ മറുപടിക്ക്

# ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ. റ്റി.എൻ.പ്രതാപൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ നവംബറിൽ തലസ്ഥാനത്ത് വച്ച് സംഘടിപ്പിച്ച ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ; | (എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന പ്രവൃത്തി മണ്ഡലങ്ങളുടെ നടത്തിപ്പിൽ വന്നു ചേരാവുന്ന ന്യൂനതകൾ പരിഹരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും, നടത്തിപ്പിലും, ഗുണനിലവാര സംരക്ഷണം, വേഗത, സുതാര്യത മുതലായവ സംബന്ധിച്ച് ഉരുത്തിരിയുന്ന മാതൃകാപരമായ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ വകുപ്പിനേയും വകുപ്പിലെ ഉദ്യോഗസ്ഥരേയും കൂടുതൽ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന് സജ്ജരാക്കുകയും പ്രവൃത്തി മേഖലയിൽ ഒരു പുത്തൻ സാഹചര്യവും, ഉണർവും കൊണ്ടുവരിക എന്നതുമായിരുന്നു കോൺഫറൻസിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത കോൺഫറൻസിൽ എന്തെല്ലാം നിർദ്ദേശങ്ങളും തീരുമാനങ്ങളും ആണ് ഉണ്ടായത് ; | (ബി) നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വകുപ്പിന്റെ എല്ലാ മേഖലകളിലുമുള്ള ശാസ്ത്രീയമായ പുനരുദ്ധാരണവും അതിനനുസരിച്ചുള്ള ഗുണപരമായ മാറ്റവും ചർച്ചചെയ്യപ്പെട്ടു. കൂടാതെ വകുപ്പിന്റെ അസറ്റ് മാനേജ്മെന്റ്, റോഡ് മെയിന്റനൻസിന്റെ കൂടുതൽ അനുയോജ്യമായ മാതൃകകൾ, പ്ലാനിംഗിലും, ഡിസൈനിംഗിലും കൈവരിക്കേണ്ട പുതിയ മാനങ്ങൾ, റോഡ് സുരക്ഷാ പദ്ധതി വ്യാപിപ്പിക്കൽ, കെട്ടിട നിർമ്മാണത്തിൽ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് തുടങ്ങിയ കാര്യങ്ങളിൽ വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി പരിഷ്കരിക്കൽ എന്നിവയും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുകയുണ്ടായി. |
| (സി) പ്രസ്തുത കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിനെ ആധുനീകവൽക്കരിക്കുന്നതിന് | (സി) പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണ് കൈക്കൊള്ളാനുദ്ദേശിച്ചിട്ടുള്ളത്.<br>1. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സമഗ്രമായുള്ള നിലവാര ഉയർച്ചയ്ക്ക് വേണ്ടിയുള്ള പരിശീലന പദ്ധതികൾ |

എന്തെല്ലാം നടപടികളാണ് കൈ-കൊള്ളാനുദ്ദേശിക്കുന്നത് ;, വ്യക്തമാക്കുമോ ?

2. പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ ക്വാളിറ്റി കൺട്രോൾ മേഖലയിലെ മാറ്റം
3. പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടത്തിപ്പിലും ആധുനിക രീതിയിലുള്ള സമീപനം
4. റോഡ് സുരക്ഷയിലൂന്നിയുള്ള റോഡ് നിർമ്മാണം
5. വകുപ്പിന്റെ അസറ്റ് മാനേജ്മെന്റ് ആധുനിക രീതിയിൽ വിഭാവനം ചെയ്ത് നടപ്പുക്കുക
6. വകുപ്പിന്റെ പ്രവൃത്തി നടപ്പിൽ വരുത്തുന്നതിന് പ്രധാന പദ്ധതികൾക്കെല്ലാം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.

സെക്ഷൻ ഓഫീസർ